2. കേരള ഫിനാൻഷ്യൽ കോർപ്പറേഷനുകളിൽനിന്നും വായ്പ ലഭ്യമാക്കൽ

3. ഇലക്ട്രിസിറ്റി ചാർജിൽ ഇളവ്.

ഈയിടെ പ്രഖ്യാപിക്കപ്പെട്ട വ്യവസായനയത്തിൽ പ്രതിപാദിച്ചിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും ടൂറിസം യൂണിറ്റുകൾക്കുകൂടി ബാധകമാക്കുന്നതിനായുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്.

പുതുസംരംഭകർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സബ്സിഡി, വായ്പ മുതലായവ ലഭ്യമാക്കുന്നതിനും ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ രൂപീകരിച്ചു. സ്വകാര്യസംരംഭങ്ങളും സംയുക്തസംരംഭങ്ങളും പ്രോത്സാഹിപ്പിക്കാൻ ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് പ്രവർത്തിച്ചുവരുന്നു.

നിയന്ത്രിത ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും അതിനായി ടൂറിസ്റ്റ് ട്രേഡ് നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുവാനും നടപടികൾ പൂർത്തിയായിവരുന്നു.

കന്യാകുമാരി കേരളാഹൗസിന്റെ പ്രവർത്തനം

136 (3065) ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്യാകുമാരി കേരളാഹൗസ് വക സാധനങ്ങൾ പുതിയ മാനേജർക്ക് കൈമാറാതെ മുറിയിൽ പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം അതിഥികളായെത്തുന്നവർക്കുണ്ടാകുന്ന അസൗകര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തെല്ലാം സാധനങ്ങൾ എത്രകാലമായി ഇപ്രകാരം പൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ വക സാധനങ്ങൾ കണക്കിൽപ്പെടുത്താതെയും കൈമാറാതെയും നിയമവിരുദ്ധമായി പൂട്ടിവച്ചുപോയ മാനേജർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത സാധനങ്ങൾ പുറത്തെടുത്ത് കേരളാഹൗസിലെ പ്രവർത്തനം സുഗമമായി നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 24.2.99 മുതൽ 18.6.99 വരെ കേരളാ ഹൗസിന്റെ ദൈനംദിനാവശ്യങ്ങൾക്ക് ആവശ്യമായ ചില സാധനങ്ങൾ മുൻ മാനേജർ പുതിയ മാനേജർക്ക് കൈമാറാതെ പൂട്ടിയിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. അതിഥികളായെത്തുന്നവർക്ക് വേണ്ട രീതിയിൽ ലിനൻ നൽകുന്നതിന് ചുരുക്കം ചില അവസരങ്ങളിൽ സാധിക്കാതെ വന്നിട്ടുണ്ട്.

(സി) ലിനൻ, ബഡ്ഷീറ്റ്, ബഡ്പ്രഡ്, തലയണഉറ, ബാത്ത് ടൗവ്വൽ, ഫേസ് ടൗവ്വൽ, കമ്പിളി) ക്രോക്കറി, കയ്ലറി, അടുക്കളസാധനങ്ങൾ, ഇലക്ട്രിക് സാധനങ്ങൾ എന്നിവ സാധാരണഗതിയിൽ പൂട്ടിവയ്ക്കുന്ന സാധനങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വകുപ്പുതലത്തിൽ പ്രസ്തുത മാനേജർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

'സാഹിത്യകലാവിനോദസഞ്ചാരപദ്ധതി'

137 (3066) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ കലാസാഹിത്യ സംസ്കൃതി വിദേശികൾക്ക് ഉൾക്കൊള്ളാനും വിദേശികളിൽ താൽപ്പര്യമുണർത്താനും ഉതകുന്ന ഒരു സാഹിത്യ കലാ വിനോദസഞ്ചാര പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എല്ലാംതന്നെ നമ്മുടെ കലയും സാഹിത്യവും സംസ്ക്കാരവും പ്രതിഫലിപ്പിക്കുന്നവയാണ്. ഇതിനായി ഒരു പ്രത്യേക പദ്ധതിയുടെ ആവശ്യമുള്ളതായി കരുതുന്നില്ല.

ടൂറിസം വകുപ്പിന്റെ ജില്ലാ ആഫീസുകൾ

138 (3067) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് എത്ര ജില്ലാ ആഫീസുകളുണ്ട്. ഇവ ഓരോ ജില്ലയിലും ആരംഭിച്ച വർഷമേതാണ്; ഓരോ ആഫീസുകളിലും വിവിധ തസ്തികകളിലായി എത്ര ജീവനക്കാരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആഫീസുകളിലെ ഡെപ്യൂട്ടി ഡയറക്ടർക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; ജില്ലാ ആഫീസുകൾ വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന് 11 ജില്ലാ ആഫീസുകളുണ്ട്. ഇവ 23.9.1996 ൽ പ്രവർത്തനം ആരംഭിച്ചു.

അനുവദിക്കപ്പെട്ട തസ്തിക

കാസർഗോഡ്	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
കണ്ണൂർ	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
വയനാട്	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
		ക്ലാർക്ക് - ടൈപ്പിസ്റ്റ്	ഒന്ന്
		പ്യൂൺ	ഒന്ന്
മലപ്പുറം	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
പാലക്കാട്	-	ഡെപ്യൂട്ടി ഡയറക്ടർ	ഒന്ന്
എറണാകുളം	-	ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ	ഒന്ന്
ഇടുക്കി	-	ക്ലാർക്ക്-ടൈപ്പിസ്റ്റ്	ഒന്ന്
		പ്യൂൺ	ഒന്ന്

LIBRARY ARCHIVES Kerala Legislative Assembly